കേരള സർക്കാർ

# കോതമംഗലം നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(എം.1)1776/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 19.09.2017

ജോയിന്റ് ഡയറക്ടർ

.
ചെയർ പേഴ്സൺ
(സെക്രട്ടറി മുഖേന)
കോതമംഗലം നഗരസഭ

സർ,

വിഷയം : കോതമംഗലം നഗരസഭ – 2016-17സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം നഗസരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോതമംഗലം നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം) 3)ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5) കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇകെഎം(എം1)1776/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030

ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 19.09.2017

# എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ

# 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളംജില്ലയിലെ കോതമംഗലം നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ധന്യാ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.06.2017 മുതൽ 14.06.2017 വരെയും,19.08.2017 മുതൽ 25.08.17 വരെയും | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജലജ എം കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ നവാസ് എം | ഓഡിറ്റർ |
| | ശ്രീ പ്രവീൺ വി എൻ | ഓഡിറ്റർ |

.
(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർ പേഴ്സൺ | ശ്രീമതി മഞ്ജു സിജു | 01.04.2016 | 31.03.2017 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | | | |
| | പേര് | കാലയളവ് | |
| | | മുതൽ | വരെ |
| ധനകാര്യം | ശ്രീ എ ജി ജോർജ്ജ് | 01.04.2016 | 31.03.2017 |
| വികസനകാര്യം | ശ്രീമതി ടീന മാത്യൂ | 01.04.2016 | 31.03.2017 |
| ആരോഗ്യകാര്യം | ശ്രീമതി റെജി ജോസ് | 01.04.2016 | 31.03.2017 |
| വിദ്യാഭ്യാസ കലാകായിക കാര്യം | ശ്രീമതി ജാൻസി മാത്യൂ | 01.04.2016 | 31.03.2017 |
| പൊതുമരാമത്ത് കാര്യം | ശ്രീ ജോർജ്ജ് അമ്പാട്ട് | 01.04.2016 | 31.03.2017 |
| ക്ഷേമകാര്യം | ശ്രീ ഷെമീർ പനയ്ക്കൽ | 01.04.2016 | 31.03.2017 |

സെക്രട്ടറി

| പേര് | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീമതി മുംതാസ് എ എം | 01.04.2016 | 07.11.2016 |
| ശ്രീമതി. വി ആർ അച്ചാമ്മ | 08.11..2016 | 16.11.2016 |
| ഡോ.സാംജി ഡേവിഡ് | 17.11.2016 | 31.03.2017 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മെറീന പോൾ | 01.04.16 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീദേവി എ എസ് | 01.04.2016 | 31.07.2016 |
| | ശ്രീമതി ഷൈല കെ കെ | 01.08.2016 | 31.03.2017 |
| അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ (കൃഷി ഭവൻ) | ശ്രീ എസ് സുരേന്ദ്രൻ | 01.04.2016 | 31.03.2017 |
| പ്രോജക്ട് ഓഫീസർ, കോതമംഗലം നഗരസഭ | ശ്രീ കെ വി വിൻസെന്റ് | 01.04.2016 | 14.11.2016 |
| | ശ്രീമതി സിജി പോൾ | 15.11..2016 | 16.01.2017 |
| | ശ്രീ ഒ എം ഷാജി | 17.01.2017 | 31.03.2017 |
| മുനിസിപ്പൽ എഞ്ചിനീയർ | സുരേഷ് കുമാർ എസ് കെ | 01.04.2016 | 23.09.2016 |
| | പന്റാലിയോൺ കെ ജെ | 24.09.2016 | 09.12.2016 |
| | സി ഡി വർഗ്ഗീസ്(ചാർജ്ജ്) | 10.12.2016 | 31.03.2017 |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | ഡോ.എൻ എൻ സുനിൽ | 01.04.2016 | 02.07.2016 |
| | ഡോ. റ്റി ജി ഉണ്ണികൃഷ്ണൻ | 03.07.2016 | 17.08.2016 |
| | ഡോ.ഷൈജു വി ഡി | 18.08.2016 | 06.10.2016 |
| | ഡോ.സീമ ജെയിംസ് | 07.10.2016 | 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ദീപ ജോർജ്ജ് | 01.04.2016 | 16.09.2016 |
| | ശ്രീമതി.ബിന്ദു എസ് | 17.09.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.മിനു മാത്യൂ | 01.04.2016 | 28.02.2017 |
| | ഡോ.മിനിമോൾ ആർ | 01.03.2017 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മധുസൂദനൻ നമ്പ്യാർ എം കെ | 01.04.2016 | 28.02.2017 |
| | ഡോ. എം ആർ ശിവദാസ് | 01.03.2017 | 31.03.2017 |

ഉള്ളടക്കം


| ഭാഗം - 1 | | |
|---|---|---|
| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | അഭ്യന്തര നിയന്ത്രണം |
| 11 | 1-11 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 12 | 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം - 2 | | |
| 13 | 2-1 | വസ്തു നികുതി നിർണ്ണയം നടത്തിയതിൽ അപാകതകൾ |
| 14 | 2-2 | ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 15 | 2-3 | ദുരിതാശ്വാസ നിധി പ്രവർത്തനം ഇല്ല |
| 16 | 2-4 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 17 | 2-5 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം -അപാകതകൾ |
| 18 | 2-6 | പെട്രോൾ പമ്പുകളുടെ വസ്തു നികുതി - അപാകതകൾ |
| ഭാഗം - 3 | | |

| | | |
|---|---|---|
| 19 | 3-1 | പട്ടികജാതി വിഭാഗത്തിന്റെ വീട് അറ്റകുറ്റപണി- വാല്യുവേഷനിലും അധികം തുക നൽകി |
| 20 | 3-2 | വൈദ്യുതി ചാർജ്ജ് പിഴ തുക തനത് ഫണ്ടിൽ നിന്ന് അടവാക്കി - 2,873/- രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 21 | 3-3 | പൊതുവിഭാഗത്തിന്റെ വീട് അറ്റകുറ്റപണി - അർഹതയില്ലാത്ത വ്യക്തിയെ പട്ടികയിൽപ്പെടുത്തി |
| 22 | 3-4 | കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന് രേഖയില്ല |
| 23 | 3-5 | അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - അപാകതകൾ |
| 24 | 3-6 | വിട്ടു നൽകിയ ഭൂമിക്ക് പകരം ഭൂമി ലഭ്യമായില്ല |
| 25 | 3-7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പ്രവർത്തനമില്ല |
| 26 | 3-8 | എസ്.എസ്.എ ക്ക് സപ്പോർട്ടിംഗ് ഗ്രാന്റ് - വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 27 | 3-9 | സേവന നികുതി - കുടിശ്ശികയിനത്തിൽ അടവാക്കിയത് വൻ തുക |
| 28 | 3-10 | ഗുണഭോക്തൃവിഹിതം പിരിച്ചതിന് രേഖയില്ല. |
| 29 | 3-11 | നഗരസഭ ടൗൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാധ്യത 83,61,108/- രൂപ - നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിനു ശേഷവും ആരംഭിച്ചിട്ടില്ല. |
| 30 | 3-12 | നഗരസഭയ്ക്കുള്ളത് കനത്ത സാമ്പത്തിക ബാദ്ധ്യത |
| 31 | 3-13 | വെള്ളക്കരം കുടിശ്ശിക താങ്ങാനാകാതെ നഗരസഭ |
| 32 | 3-14 | പുതുപ്പാടി കുടിവെള്ള പദ്ധതി- ഗുണഭോക്താക്കളെ കണ്ടെത്തിയില്ല. |
| 33 | 3-15 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല |
| ഭാഗം - 4 | | |
| 34 | 4(1) | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4(2) | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4(3) | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4(4) | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4(5) | സ്ഥിരനിക്ഷേപങ്ങൾ |
| 39 | 4(6) | ഓഡിറ്റ് റിക്കവറി |
| 40 | 4(7) | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ |
| 41 | 4(8) | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4(9) | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 43 | അനുബന്ധം1 | ഓഡിറ്റ്സർട്ടിഫിക്കറ്റ് |
| 44 | അനുബന്ധം2 | റസീപ്റ്റ് & പേയ്മെന്റ് |
| 45 | അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ |
| 46 | അനുബന്ധം4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെയും പുതുക്കിയ ബജറ്റ് 27.03.2017ലെയും ഒന്നാം നമ്പർ തീരുമാന പ്രകാരം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 373651034 | 437293165 |
| വാർഷിക കണക്ക് പ്രകാരം | 203928077 | 193547012 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. EFMS വഴിയുള്ള 4.18 കോടി രൂപയുടെ ക്ഷേമപെൻഷനുകളുടെ തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ഉൾപ്പെടുത്തിയാലും ബജറ്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും വരവ് ചെലവ് കണക്കുകൾ തമ്മിൽ അന്തരമുണ്ട്. ബജറ്റ് യഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 22.07.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30.08.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45666401.40 |
| വരവ് | 203928077.00 |
| ആകെ | 249594478.40 |
| ചെലവ് | 193547012.00 |
| നീക്കിയിരിപ്പ് | 56047466.40 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | തൻ വർഷ അലോട്ട്മെന്റ് | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -എസ് സി പി | 7520000 | 7519692 | 4367384 | 3152308 | 58.07% |
| പ്ലാൻ- ജനറൽ | 26421000 | 32810529 | 23337140 | 9473389 | 71.12% |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 26926000 | 26926230 | 24323089 | 2603141 | 90.33% |
| എം ജി (നോൺ റോഡ്) | 8482000 | 8482446 | 7117608 | 1364838 | 83.90% |
| 14ാം ധനകാര്യ കമ്മീഷൻ തുക | 42672863 | 42672863 | 21378095 | 21294768 | 50.09% |
| കെ എൽ ജി എസ് ഡി പി | 19088392 | 19088392 | 4594170 | 14494222 | 24.06% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 22,07,32,074 | 193 | 8,90,04,689 | 91 | 0 | 67.96 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.37 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29749921 | 40813576 | 11063655 | (+)37.18% |
| നികുതിയേതര വരവുകൾ | 15463544 | 16966346 | 1502802 | (+)9.71% |
| മറ്റുവരവുകൾ | 1410356 | 1605144 | 194788 | (+)13.81% |
| ആകെ | 46623821 | 59385066 | 12761245 | (+)27.37% |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 117480 | 87 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2851910 | 311 |
| വിധവാപെൻഷൻ | 14220120 | 1344 |
| വാർദ്ധക്യകാല പെൻഷൻ | 20006250 | 2391 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3459790 | 367 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 677430 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 480000 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.08.2017-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,31,621 /-(ഒരു ലക്ഷത്തി മുപ്പത്തൊന്നായിരത്തി അറു നൂറ്റി ഇരുപത്തൊന്നു രൂപ) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1.നഗരസഭയിൽ പരിശോധിച്ച വൈദ്യുതി ബില്ലുകളിൽ പിഴതുക അടവാക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത തികച്ചും ഒഴിവാക്കേണ്ടതാണ്.
2. കൗൺസിൽ തീരുമാനങ്ങൾ, മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. മിനിറ്റ്സ് ബുക്ക് കൃത്യമായും ശരിയായ രീതിയിലും പരിപാലിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
3.വാടക രജിസ്റ്ററിൽ ഈടാക്കിയിട്ടുള്ള സെക്യൂരിറ്റി തുക സംബന്ധിച്ച വിവരങ്ങൾ ചേർക്കേണ്ടതാണ്

# 1-11 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | Gen | total | |
| 137 | 0 | 751 | 888 | 0 | 0 | 0 | 0 | 0 | | 0 |

.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2016 | 2013-14 2015-16(I) | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.06.2015 | 2012-13 മുതൽ 2014-15 വരെ | 03.07.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയം നടത്തിയതിൽ അപാകതകൾ

2016-17 വർഷം വസ്തു നികുതി നിർണ്ണയം നടത്തിയതിൽ അപാകത ഉണ്ട്. 2016 ജ്ജൂൺ മാസത്തെ വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ 2 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള തറ വിസ്ഥീർണ്ണത്തിനല്ല നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് . 15-10-2013തീയതിയിലെ നം.ആർ -6361/07 പ്രകാരമുള്ള (11-10-2013 തീയതിയിലെ 13(9) നമ്പർ തീരുമാനം ) കോതമംഗലം നഗരസഭയുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 12/- രൂപയാണ്. വസ്തു നികുതി നിർണ്ണയം നടത്തിയതിൽ കുറവു വന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി. | നിർണ്ണയിക്കേണ്ട നികുതി. | കുറവു വന്നത്. |
|---|---|---|---|---|---|---|
| 1 | XIV/314 | കെ.ടി.ദാനിയേൽ, കുരവയ്ക്കൽ,കുത്തുകുഴി | 248.05 | 1252/- | 2976 | 1724/- |
| 2 | XII/260 | ജോസഫ് പൗലോസ്, കാരോട്ടെ പുറത്ത് പാലത്തിങ്കൽ | 152.56 | 1308/- | 1830/- | 522/- |

നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി 2013 ലെ പരിഷ്കരണം പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുണ്ട് .എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ അടിസ്ഥാന വസ്തു നികുതി 0 എന്ന് ചേർത്തിട്ടുണ്ട്. (മേൽ പട്ടികയിലെ ഐറ്റം 2 ൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 82.47ച.മീ. എന്നാണ്. കൂടാതെ നികുതി നിർണ്ണയിച്ചിരിക്കുന്നത് 0 എന്നാണ്.) ഇത്തരത്തിൽ സോഫ്റ്റ് വെയറിൽ വന്ന വ്യത്യാസം പരിശോധിക്കേണ്ടതാണ്. മേൽ വിവരിച്ച കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും കുറവു വന്ന വസ്തു നികുതി ഈടാക്കേണ്ടതാണ്. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ വന്ന മേൽ അപാകതകൾ പരിശോധിക്കേണ്ടതും, വസ്തു നികുതി പുനർ നിർണ്ണയം നടത്തി നികുതി ക്രമീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4) മറുപടി ലഭ്യമാക്കിയിട്ടുള്ളതിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.നിർണ്ണയത്തിൽ കുറവു വന്ന 2246/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭ ബൈലോ അനുസരിച്ച് സിനിമ തീയേറ്ററുകളിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തി അനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ആൻ സിനിമ, കോതമംഗലം |
| 2 | ജവഹർ സിനിമ, കോതമംഗലം |
| 3 | ഇ.വി.എം. ടാക്കീസ്, കോതമംഗലം |
| 4 | മാതാ മൂവീസ്, കോതമംഗലം |

മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 6 ന് സിനിമാട്ടോഗ്രാഫി ലൈസൻസ് എടുത്തിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല. മേൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) നഗരസഭ ബൈലോ പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ (വാടക രജിസ്റ്റർ പ്രകാരം).

| ക്രമ നം. | കെട്ടിട നം. | വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തിയുടെ പേര് |
|---|---|---|
| 1 | 31/654 | സലാം ഇ.എ |
| 2 | 31/909 | ജോർജ്ജ് പോൾ |
| 3 | 31/909 | ജോൺസൺ സേവ്യർ |
| 4 | 31/899 | സാനുമോൾ സി.എം |
| 5 | 31/927 | ജോർജ്ജ്, മുണ്ടേത്ത് വീഡിയോ |
| 6 | 31/916 | ഓമന രജൻ |
| 7 | 31/923 | ടോമി ജേക്കബ് |
| 8 | 31/878 | മൈതീൻ പി.എം |
| 9 | 31/868 | അന്ത്രു ഇ.ഇ |
| 10 | 31/869 | ഇബ്രാഹീം പി.എം |
| 11 | 31/936 | കുര്യാക്കോസ് സി.പി |
| 12 | 31/941 | ഹമീദ് പി.എം |
| 13 | 31/947 | രാഹുൽ കെ.ആർ |
| 14 | 31/953 | ബാബു കാക്കത്തുരുത്തേൽ |
| 15 | 17/398 | ജെസ്സി ജോർജ്ജ് |
| 16 | 17/401 | മൈതീൻ |
| 17 | 17/404 | അലിയാർ പി.എം |

(സി) മറ്റ് വ്യാപാര സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | വന്ദന ടി.വി.എസ് ടൂവീലർ ഷോറും, കോതമംഗലം |
| 2 | സ്പറിങ്ങ്സ് യമഹ ടൂവീലർ ഷോറും, കോതമംഗലം |
| 3 | ജെ.കെ.ബി ഓട്ടോമൊബൈൽസ് ടൂവീലർ ഷോറും, കോതമംഗലം |
| 4 | പി.എ.എം ടൈൽസ് പാർക്ക്, തങ്കളം |

(ഡി) വസ്തു നികുതിയുടെ സഞ്ചയസോഫ്റ്റ് വെയർ പ്രകാരം താഴെപ്പറയുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ഉപയോഗക്രമം അനുസരിച്ചുള്ള സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണം വരെ | 4487 |
| 2 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 600 |
| 3 | വാണിജ്യം 200 ച.മീ തറവിസ്തീർണ്ണം വരെ | 18 |
| 4 | വാണിജ്യം 200 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 73 |
| 5 | വാണിജ്യം - ബങ്കുകൾ, പെട്ടികടകൾ......... | 14 |
| 6 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 113 |
| 7 | വ്യവസായത്തിനാവശ്യമുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 162 |
| | ആകെ | 5,467 |

മേൽ ചേർത്തിരിക്കുന്ന പ്രകാരം നഗരസഭയിൽ ആകെ 5,467 വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 2,054 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്.

ബാക്കിയുള്ളവയിൽ ഡി&ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ആയവയ്ക്ക് ലൈസൻസ് നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 ദുരിതാശ്വാസ നിധി പ്രവർത്തനം ഇല്ല.

2016-17 വർഷങ്ങളിലേക്കുള്ള വരവിനങ്ങളുടെ പരിശോധനയിൽ, ദുരിതാശ്വാസ നിധിയിലേക്ക് തൻവർഷം വരവൊന്നും വന്നിട്ടില്ല എന്ന് കണ്ടു. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കോതമംഗലം ശാഖയിൽ 044281000000008 നമ്പർ പ്രകാരം ദുരിതാശ്വാസ നിധിക്ക് വേണ്ടി മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ 2006 ൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ടിൽ 1100/- രൂപ 05-10-2016 ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് . വാർഷിക ധനകാര്യ പത്രികയിലും ഈ ഇനത്തിൽ വരവ് ഇല്ല. 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി 2005 ൽ നഗരസഭയിൽ പ്രവർത്തനം തുടങ്ങിയിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം നഗരസഭയിൽ നടക്കുന്നില്ല എന്ന് പരിശോധനയിൽ കണ്ടു. 2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം,അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ,എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര

സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമല്ലാത്തത് അപാകതയാണ്. ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കോതമംഗലം നഗരസഭയിൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ ലഭിക്കുമെന്നിരിക്കെ ഈ വിഷയത്തിൽ ഭരണ സമിതിയും സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-4 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം
4, 5 എന്നിവക്കു വിരുദ്ധമായി താഴെപ്പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെയാണ് നഗരസഭയിൽ പ്രവർത്തിക്കുന്നത്.

1.ശ്രേഷ്യ മരിയ IELTS & സ്പോക്കൺ ഇംഗ്ലീഷ് അക്കാദമി

2.റൂട്ട്സ് ഓഫ് ഇംഗ്ലീഷ് IELTS ട്രെയ്നിംഗ് സെന്റർ

3. ഓട്ടോഡെസ്ക് CAD സെന്റർ-കോച്ചിംഗ് സെന്റർ

4. എക്സലന്റ് എൻട്രൻസ് കോച്ചിംഗ് സെന്റർ

5. എസ് എ ബി കോളേജ്, കോതമംഗലം

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311, 1997ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 606 ൽ, പ്രസ്തുത സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷത്തിനു മുൻപും രജിസ്ട്രേഷൻ പുതുക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ജ്യോതിസ് ഹോമിയോ ക്ലിനിക്, പാണിയേലി ബിൽഡിംഗ്, രാജീവ് ഗാന്ധി റോഡ് എന്ന സ്ഥാപനം 2016-17 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 26.08.2017 ലെ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.
ട്യൂട്ടോറിയൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ നഗരസഭയിൽ രജിസ്റ്റർ ചെയ്ത് മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും പരാമർശിത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം -അപാകതകൾ

നഗര സഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ സഞ്ചയ രജിസ്റ്റർ പ്രകാരം ആകെ 25 മൊബൈൽ ടവറുകൾ ഉള്ളതായി കണ്ടു. 15-10-2013തീയതിയിലെ നം.ആർ -6361/07 പ്രകാരമുള്ള (11-10-2013 തീയതിയിലെ 13(9) നമ്പർ തീരുമാനം ) കോതമംഗലം നഗരസഭയുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് . ഓരോ ടവറിന്റേയും വിസ്തീർണ്ണം/ നിർണ്ണയം നടത്തിയ നികുതി വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | കമ്പനിയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയം നടത്തിയ നികുതി. |
|---|---|---|---|---|
| 1 | 2/576 | ഐഡിയ സെല്ലുലാർ | 9 | 4500 |
| 2 | 4/101 | എം/എസ് ഭാരതി എയർടെൽ | 15.54 | 7770 |
| 3 | *8/166 | പേര് ചേർത്തിട്ടില്ല -കള്ളാട് | 22.2 | 11100 |
| 4 | *8/191 | പേര് ചേർത്തിട്ടില്ല – സ്ഥലം വാളാടിത്തണ്ട് | 30 | 15000 |
| 5 | 12/60A | ഐഡിയ സെല്ലുലാർ | 148 | 74000 |
| 6 | 13/282 | വോഡ ഫോൺ എസ്സാർ ലി. | 7.69 | 3845 |
| 7 | 16/295 | എം/എസ് ഭാരതി എയർടെൽ | 15.54 | 7770 |
| 8 | 17/131 | ഐഡിയ സെല്ലുലാർ | 7.5 | 3750 |
| 9 | 17/132 | റിലയൻസ് | 16 | 8000 |
| 10 | 17/163 | വയർലസ്സ് ടി.ടി. സർവ്വീസസ് | 14.7 | 7350 |
| 11 | 17/828 | ഇൻഡസ് ടവർ | 10 | 5000 |
| 12 | 21/325 | ഭാരതി ഇൻഫ്രാ ടെൽ | 15.54 | 7770 |
| 13 | 23/187 | റിലയൻസ് | 14.1 | 7050 |
| 14 | 23/329-A | ഇന്ത്യ ടെലകോം ഇൻഫ്ര ലി. | 50 | 25000 |
| 15 | *24/125(1) | വസ്തു നികുതി നിർണ്ണയ വിവരം ഇല്ല. | | |
| 16 | *24/125(2) | വസ്തു നികുതി നിർണ്ണയ വിവരം ഇല്ല. | | |
| 17 | 28/15 A | റിലയൻസ് | 4.5 | 2250 |
| 18 | 28/223 A | ഇൻഡസ് ടവർ | 15 | 7500 |
| 19 | 29/128 A | ബിജു.ടി.നായർ | 9.75 | 4875 |
| 20 | 29/1258 B | ഭാരതി ലി. | 15.56 | 7780 |

| | | | | |
|---|---|---|---|---|
| 21 | 29/131 | വയർലസ്സ് ടി.ടി. സർവ്വീസസ് | 14.7 | 7350 |
| 22 | 30/564(A1) | ഡെപ്യൂട്ടി ജി.എം | 13.67 | 6835 |
| 23 | 30/474 | വിവരങ്ങൾ ഇല്ല | | |
| 24 | 31/475 | ടവർ വിഷൻ ഇന്ത്യ | 20 | 10000/- |
| 25 | 31/830 | അലക്സ് മാത്യൂ, ടാറ്റ ടെലി സർവ്വീസസ് | 15 | 7500 |

1. മേൽ വിവരിച്ച മൊബൈൽ ടവറുകളുടെ നികുതി നർണ്ണയത്തിൽ 4.5 ച.മീറ്റർ വരെയുള്ള തറ വിസ്തീർണ്ണത്തിന് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് . മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്ന മുഴുവൻ വിസ്തീർണ്ണവും ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. 15-10-2013 തീയതിയിലെ ഉത്തരവ് പ്രകാരമുള്ള നികുതി പരിഷ്കരണ പ്രകാരം 2016-17 വർഷം മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടുള്ളത് സംബന്ധിച്ചും, മൊബൈൽ ടവറുകളുടെ പെർമിറ്റിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തിന്റെ മുഴുവൻ ഭാഗവും നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം. 5 നൽകിയതിന് ലഭിച്ച മറുപടിയിൽ,ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. എല്ലാ മൊബൈൽ ടവറിന്റേയും വസ്തു നികുതി നിർണ്ണയ വിവരങ്ങൾ നിർണ്ണയ രജിസ്റ്റർ(സഞ്ചയ ) പ്രകാരം ഇല്ല .

3. 2016-17 വർഷം മേൽ പത്രികയിലെ ക്രമ നമ്പർ 2,3,9,13,14,17,18,23,25 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും തുക ലഭിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർ നിർണ്ണയം നടത്തി ഈടാക്കേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പെട്രോൾ പമ്പുകളുടെ വസ്തു നികുതി - അപാകതകൾ

2016-17 വർഷത്തെ വസ്തു നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ 7 പെട്രോൾ പമ്പുകൾ ഉള്ളതായി കണ്ടു. 15-10-2013 തീയതിയിലെ നം.ആർ – 6361/07 പ്രകാരമുള്ള (11-10-2013 തീയതിയിലെ 13(9) നമ്പർ തീരുമാനം) കോതമംഗലം നഗരസഭയുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം പെട്രോൾ ബങ്കുകളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് (ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യുവൽ സ്റ്റേഷനുകൾ) ചതുരശ്ര മീറ്ററിന് 55/- രൂപയാണ് . 2013 ലെ വസ്തു നികുതി പരിഷ്കരണ പ്രകാരം പെട്രോൾ പമ്പുകളുടെ നികുതി പുനർ നിർണ്ണയം നടത്തിയിട്ടുള്ളതിൽ അപാകതയുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഉപയോഗം | കെട്ടിടത്തിന്റ തറ വിസ്തീർണ്ണം (ച.മീ.)/നികുതി നിരക്ക് | നിർണ്ണയം നടത്തിയ വസ്തു നികുതി |
|---|---|---|---|---|---|
| 1 | 5/437 | കെ.വി.ചാക്കാച്ചൻ കാക്കത്തുരുത്തേൽ | വാണിജ്യാവശ്യം 100 ച.മീ.വരെ | 20/70 | 1400 |
| 2 | 15/82 | പിതാംബരൻ, ടെറിട്ടറി മാനേജർ | വാണിജ്യാവശ്യം 100 ച.മീ.വരെ | 78.48/70 | 5493.60 |

| | | | | | |
|---|---|---|---|---|---|
| 3 | 30/1249 | പ്രവീൺ സേവ്യർ | ഫ്യൂവൽ സ്റ്റേഷനുകൾ/ | 90/55 | 4950 |
| 4 | 30/579 | കുഞ്ഞച്ചൻ കുരുവിള | വാണിജ്യാവശ്യം 100 ച.മീ.വരെ | 30/70 | 2100 |
| 5 | 18/3 | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ | വാണിജ്യാവശ്യം 100 ച.മീ.വരെ | 53.20/70 | 3724 |
| 6 | 17/556 | ഏരിയ മാനേജർ ഹിന്ദുസ്ഥാൻ പെട്രോളിയം ലി. . | ഫ്യൂവൽ സ്റ്റേഷനുകൾ/ | 35/55 | 1925 |
| 7 | 31/276 | വി.എസ്.ഷെബിൻ, റിലയൻസ് | ഫ്യൂവൽ സ്റ്റേഷനുകൾ | 347.5/55 | 19112.50 |

1. നിലവിൽ 7 പെട്രോൾ പമ്പുകളുടെ വസ്തു നികുതി നിർണ്ണയ വിവരം ആണ് സഞ്ചയ പ്രകാരം ലഭിച്ചത് . എന്നാൽ ഓഡിറ്റിന്റെ അന്വേഷണത്തിൽ 8 പെട്രോൾ പമ്പുകൾ ഉള്ളതായാണ് അറിഞ്ഞത്. ആയത് സംബന്ധിച്ച് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് പരിശോധിച്ചതിൽ 6 പെട്രോൾ പമ്പുകൾക്ക് അവ സ്ഥിതിചെയ്യുന്ന മുഴുവൻ സ്ഥലത്തിന്റെയും വസ്തു നികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന് കണ്ടു. ഐറ്റം നം. 7 ൽ കൊടുത്തിട്ടുള്ള പെട്രോൾ പമ്പിന് 347.5 ച.മീറ്റർ തറവിസ്തീർണ്ണം രേഖപ്പെടുത്തി 19112.50 രൂപ (55/- രൂപ നിരക്ക്) നിർണ്ണയിച്ചിട്ടുണ്ട്. ഐറ്റം 5 ലെ പെട്രോൾ പമ്പിന് 53.20 ച.മീ.വിസ്തീർണ്ണം കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയത്. വസ്തു നികുതി ചുമത്തൽ പുതുക്കിയ ലിസ്റ്റ് പ്രകാരം ഈ പെട്രോൾ പമ്പിന് 551.42 ച.മീ. വിസ്തീർണ്ണം കാനോപ്പി ഏര്യ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഭാഗം നികുതി നിർണ്ണയിക്കുന്നതിന് കണക്കാക്കിയിട്ടില്ല. കൂടാതെ നിലവിൽ നിർണ്ണയിച്ചിരിക്കുന്ന നികുതിയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം വ്യത്യസ്ഥ രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2013 ലെ നികുതി പരിഷ്കരണം പ്രകാരം പെട്രോൾ പമ്പുകളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തേണ്ടതാണ്.

3. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 2 (നിർവ്വചനങ്ങൾ) (l) കെട്ടിടം എന്നാൽ എന്താണ് എന്ന് നിർവ്വചിച്ചിട്ടുണ്ട്. ആയത് പ്രകാരം നികുതി നിർണ്ണയത്തിനായി പെട്രോൾ പമ്പുകളുടെ മുഴുവൻ സ്ഥലവും എടുക്കേണ്ടതാണ്. മേൽ പട്ടിക പ്രകാരമുള്ള ഐറ്റം 5 ൽ ഉള്ള പെട്രോൾ പമ്പിന് 53.20 ച.മീറ്റർ മാത്രമാണ് രേഖപ്പെടുത്തിയത്. ആയതിന് നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി 3724/-രൂപയാണ്. ആയത് പരിശോധിക്കേണ്ടതാണ്.

4. വസ്തു നികുതി നിർണ്ണയത്തിലും, കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും സഞ്ചയ സോഫ്റ്റ് വെയറിൽ അപാകതകൾ വന്നിട്ടുള്ളതായി മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 നുള്ള മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിഭാഗത്തിന്റെ വീട് അറ്റകുറ്റപണി- വാല്യുവേഷനിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിഭാഗത്തിന്റെ വീട് അറ്റകുറ്റപണി |
| പ്രോജക്ട് നം. | 202/17 |
| അടങ്കൽ | 27,500/- |
| ചെലവ് | 25,000/- |
| ബിൽ നം. | 67/2016-17/31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജ്ജന സെൽ, കോതമംഗലം/പ്രോജക്ട് ഓഫീസർ, സി.ഡി.എസ് കുടുംബശ്രീ, കോതമംഗലം മുനിസിപ്പാലിറ്റി. |

ശ്രീ. അയ്യപ്പൻ എം.കെ, മാടവനക്കുടി, കുത്തുകുഴി പി.ഒ, കോതമംഗലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കോതമംഗലം നഗരസഭയിലെ 15 -ാം വാർഡിലെ 122 നമ്പർ കെട്ടിടത്തിന് പട്ടികജാതി വിഭാഗത്തിന്റെ വീട് അറ്റകുറ്റപണി പദ്ധതി പ്രകാരം 25,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. അറ്റകുറ്റപണികൾക്കായി ഉടമസ്ഥൻ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിലെ പ്രവൃത്തിയും, എൽ.എസ്.ജി.ഡി ഓവർസീയർ അളവെടുത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളും തമ്മിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി ഓവർസീയർ അളവെടുത്തത് പ്രകാരം ടി പ്രവൃത്തികൾക്കായി ആകെ ചെലവായിട്ടുള്ള തുക 18,380/- രൂപയെന്നും, വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ ചെലവായ തുക 22,300/- രൂപ എന്നും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. വീട് പുനരുദ്ധാരണത്തിന് ടിയാൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ തുകയേക്കാളും അധികമായി നൽകിയ 2,700/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നഗരകാര്യ ദാരിദ്ര ലഘൂകരണ സെൽ പ്രോജക്ട് ഓഫീസർ ശ്രീ. ഒ.എം.ഷാജിയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

.

## 3-2 വൈദ്യുതി ചാർജ്ജ് പിഴ തുക തനത് ഫണ്ടിൽ നിന്ന് അടവാക്കി - 2,873/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

നഗരസഭയിലെ കൺസ്യൂമർ നം. 115600802772 ന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 2,873/- രൂപ പിഴ തുക ഉൾപ്പെടെ 5,16,812/- രൂപയുടെ ബില്ലാണ് ബിൽ നമ്പർ 5600160404501 പ്രകാരം നഗരസഭയിൽ ലഭിച്ചത്. 11.04.2016ലെ വൌച്ചർ നം. 21-4/16 (ചെക്ക് നം.493770) പ്രകാരം പിഴ തുക ഉൾപ്പെടെയുള്ള മുഴുവൻ തുകയും വൈദ്യുതി ബോർഡിൽ അടവാക്കി. ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യവും പിഴ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അടവാക്കിയതിന്റെ കാരണവും ആരാഞ്ഞ് നൽകിയ08.06.2017ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ നൽകിയ മറുപടിയിൽ മുൻ ബില്ലിന്റെ ഡിസ്കണക്ഷൻ തീയതിക്ക് ശേഷം മാത്രമാണ് ബില്ല് ലഭിച്ചതെന്നും അതിന് തൊട്ടടുത്ത ദിവസം തന്നെ തുക അടവാക്കിയെങ്കിലും പിഴ തുക അടുത്ത ബില്ലിൽ ചേർത്ത് വൈദ്യുതി ബോർഡിൽ നിന്നും നൽകുകയാണുണ്ടായതെന്നും വിശദീകരിച്ചു. വൈദ്യുതി നിയമം 2003 സെക്ഷൻ 56 പ്രകാരമുള്ള ഡിസ് കണക്ഷൻ നോട്ടീസിൽ 'ഏതെങ്കിലും

കാരണവശാൽ റീഡിംഗ് എടുക്കാൻ കഴിയാതെ വന്നാലും ബില്ല് കിട്ടാതെ വന്നാലും സെക്ഷൻ ഓഫീസിൽ ബന്ധപ്പെട്ട് ബിൽ വിവരങ്ങൾ അറിയേണ്ടതും പണം അടയ്ക്കേണ്ടതുമാണ്. ബില്ല് കിട്ടാത്തത് പണം അടയ്ക്കാതിരിക്കാൻ കാരണമല്ല ' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നഗരസഭയുടെ മറുപടി അംഗീകരിക്കാൻ സാദ്ധ്യമല്ല. ആയതിനാൽ പിഴ തുക ഇനത്തിൽ അടവാക്കിയ 2,873/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി. മുംതാസ് എ.എം.ൽ ൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ബില്ലിലും ഇത്തരത്തിൽ വരുന്ന പിഴ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അടവാക്കി വരുന്നതായി കാണുന്നു. ഈ പ്രവണത കർശ്ശനമായി ഒഴിവാക്കേണ്ടതും പിഴ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# 3-3 പൊതുവിഭാഗത്തിന്റെ വീട് അറ്റകുറ്റപണി - അർഹതയില്ലാത്ത വ്യക്തിയെ പട്ടികയിൽപ്പെടുത്തി

| | |
|---|---|
| പ്രോജക്ട് | പൊതുവിഭാഗത്തിന്റെ വീട് അറ്റകുറ്റപണി |
| പ്രോജക്ട് നം. | 64/17 |
| അടങ്കൽ | 33,00,000/- |
| ചെലവ് | 4,05,000/- |
| ബിൽ നം. | 70/2016-17/30.03.2017 (ചെലവ് നടന്നിട്ടില്ല) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, കോതമംഗലം/പ്രോജക്ട് ഓഫീസർ, സി.ഡി.എസ് കുടുംബശ്രീ, കോതമംഗലം മുനിസിപ്പാലിറ്റി. |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയവും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 15 ൽ 3.6-വീട് പുനരുദ്ധാരണത്തിലും, തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 14.10.2016ലെ സ.ഉ.(സാധാ) നം. 2875/2016/തസ്വഭവ ഉത്തരവ് പ്രകാരവും വീട് പുനരുദ്ധാരണത്തിനുള്ള പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കളുടെ വാർഷിക വരുമാന പരിധി 50,000/- രൂപയായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീമതി. മേരി തോമസ്, ചുണ്ടേക്കാട്ട്, കോതമംഗലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കോതമംഗലം നഗരസഭയിലെ 17 -ാം വാർഡിലെ 1094 നമ്പർ കെട്ടിടത്തിന് പൊതുവിഭാഗത്തിന്റെ വീട് അറ്റകുറ്റപണി പദ്ധതി പ്രകാരം 15,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നാൽ ഇതിനായി ടിയാൾ ഹാജരാക്കിയിരിക്കുന്ന വരുമാന സർട്ടിഫിക്കറ്റിലെ വാർഷിക വരുമാനം 84,000/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വീട് പുനരുദ്ധാരണത്തിന് ടിയാൾക്ക് 15,000/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് ടി വ്യക്തിക്ക് ധനസഹായം നൽകുന്നത് ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം - സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന് രേഖയില്ല

2016-17 വർഷത്തിൽ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നത് സംബന്ധിച്ച

എച്ച് 6168/08നമ്പർ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സർക്കാർ ഏജൻസികളിൽ നിന്ന് ടെൻഡർ മുഖേന വാങ്ങുന്നതിന് 11.01.2017 ൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഹെൽത്ത് സൂപ്പർവൈസറും, സൂപ്രണ്ടും ശുപാർശ ചെയ്തു. എറണാകുളം ജില്ലാ ഹോൾസെയിൽ കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ് നം. ഇ 122 ൽ നിന്നും വാങ്ങുന്നതിന് 1,23,775/- രൂപയുടെ പ്രഫോർമ ഇൻവോയ്സ് അംഗീകരിക്കാവുന്നതാണെന്ന് ഹെൽത്ത് സൂപ്പർവൈസർ 14.03.2017 ൽ ശുപാർശ ചെയ്തെങ്കിലും യൂണിഫോം വാങ്ങുവാൻ അംഗീകൃത സ്ഥാപനങ്ങളുടെയും അർഹരായവരുടെയും പേരു വിവരങ്ങളും അർഹതപ്പെട്ട ഇനങ്ങളുടെ വിവരവും തരവും അളവും വ്യക്തമാക്കാൻ സെക്രട്ടറി 15.03.2017 ൽ ആവശ്യപ്പെട്ടു. ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II) ശ്രീ വിൻസെന്റിനെ ഇതിനായി ഹെൽത്ത് സൂപ്പർവൈസർ ചുമതലപ്പെടുത്തിയതായി കാണുന്നു. 19.04.2017 ലെ 10ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം എറണാകുളം ജില്ലാ ഹോൾസെയിൽ കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ് നം. ഇ 122 ൽ നിന്നും വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് അംഗീകരിച്ചു. ഇതിൽ 17.08.2016 ലെ ത സ്വ ഭ വ (ഇ യു) വകുപ്പ് സ ഉ (എം എസ്) നം 118/2016 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഒരു ജീവനക്കാരന് 4 ജോഡി യൂണിഫോമും, വനിതകൾക്ക് ഓവർക്കോട്ടും നൽകേണ്ടതിനാൽ പ്രഫോർമയിലെ നിരക്ക് പ്രകാരം 1,44,410/- രൂപ ചെലവ് വരും എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇൻവോയ്സ് അംഗീകരിച്ചിട്ടുള്ളത്.

09.05.2017 ൽ സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ സ്ഥാപനം ബിൽ സമർപ്പിച്ചു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ സാധനം സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല . തുക നൽകുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ യൂണിഫോം വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നതായി സെക്രട്ടറി ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്.

1. 15.03.2017 ൽ യൂണിഫോം വാങ്ങുവാൻ അംഗീകൃത സ്ഥാപനങ്ങളുടെയും അർഹരായവരുടെയും പേരു വിവരങ്ങളും അർഹതപ്പെട്ട ഇനങ്ങളുടെ വിവരവും തരവും അളവും വ്യക്തമാക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടുവെങ്കിലും ഇത് അവഗണിച്ച് 08.02.2017 ലെ EDWCSന്റെ 1,23,775/- രൂപയുടെ ഇൻവോയ്സ് സെക്രട്ടറിയെയും കൌൺസിലിനേയും തെറ്റിദ്ധരിപ്പിച്ച് 1,44,410/-രൂപയായി വർദ്ധിപ്പിച്ച് അനുമതി വാങ്ങി.

2. നിർദ്ദേശം അവഗണിച്ച് സപ്ലൈ ഓർഡർ നൽകി എങ്കിലും വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സാമ്പിൾ വാങ്ങിയില്ല. ഫയലിൽ 08.05.2017 ലെ 1,40,870/- രൂപയുടെ ഒരു ഇൻവോയ്സ് സൂക്ഷിച്ചിട്ടുള്ളത് EDWCS ന്റെ വ്യാജ രസീത് കൈക്കലാക്കി വാങ്ങാത്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തി പണം പിൻവലിക്കുന്നതിനായാണ് ബില്ല് സമർപ്പിച്ചിട്ടുള്ളത്. വർക്കർമാർ യൂണിഫോം കൈപ്പറ്റിയതായും തയ്യൽക്കൂലി നൽകണമെന്നും അപേക്ഷ നൽകിയ അവസരത്തിൽ 24.05.2017 ൽ സെക്രട്ടറി യൂണിഫോം ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചപ്പോൾ വിതരണം ചെയ്തതിന്റെ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ലാത്തതായി കാണുകയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ഇനങ്ങളുടെ പരിശോധന ഹെൽത്ത് സൂപ്പർവൈസർ, സീനിയർ ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയതിൽ സപ്ലൈ ചെയ്തെന്നു പറയുന്ന സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞില്ല.

3. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന 26.04.2017 ലെ സപ്ലൈ ഓർഡറിലും 08.02.2017 ലെ 1,23,775/- രൂപയുടെ ഇൻവോയ്സ് ആണ് പരാമർശിച്ചിരിക്കുന്നത്.

പർച്ചേസ് ഓഫീസറായ സെക്രട്ടറിയേയും കൗൺസിലിനേയും തെറ്റിദ്ധരിപ്പിച്ച് നടത്തിയിരിക്കുന്ന ഇടപാടുകൾ ക്രമവിരുദ്ധവും ചട്ടവിരുദ്ധവുമാകയാൽ അതിൽ നിന്നുണ്ടായേക്കാവുന്ന ബാദ്ധ്യതകൾ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുമെന്നും സെക്രട്ടറി ഫയലിൽ കുറിച്ചിട്ടുണ്ട്. പൊതുപ്പണം ദുരുപയോഗം ചെയ്യുന്നതിന് ബോധപൂർവ്വമായ ശ്രമം നടന്നുവെന്ന് സെക്രട്ടറി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ഓഡിറ്റ് പരിശോധനയിൽ സാധനം സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടിട്ടുള്ളതിനാലും ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 14.06.2017 ലെ 18ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഒന്നും ലഭ്യമായിട്ടില്ല.

# 3-5 അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 93/17 |
| പ്രോജക്റ്റ് പേര് | അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ |
| ആകെ അടങ്കൽ | 249995 |
| ആകെ ചെലവ് | 249995 |
| ബിൽ നം. | 2/2016-17 |

.

1. 2016-17 വർഷം കോതമംഗലം നഗരസഭയിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയതാണ് ഈ പ്രോജക്റ്റ്. അങ്കണവാടികളുടെ പ്രോജക്റ്റുകൾ നിർവ്വഹണം നടത്താൻ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നഗരസഭയിലുള്ളപ്പോൾ അസി.എഞ്ചിനീയർ ആണ് നിർവ്വഹണം നടത്തിയത് .
2. കളി ഉപകരണങ്ങൾ സപ്ളൈ ചെയ്തത് M/S താഴത്തെവീട്ടിൽ ട്രേഡേഴ്സ് ഫർണ്ണിച്ചർ ആന്റ് ബെഡ് സെന്റർ, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്നുമാണ്. ഈ ഉപകരണങ്ങൾ ഫർണ്ണിച്ചറും ബെഡും വിൽപ്പന നടത്തുന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. നിലവിൽ ഇത്തരം ഉപകരണങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനമല്ല താഴത്തെ വീട്ടിൽ ട്രേഡേഴ്സ് എന്ന് മനസ്സിലാകുന്നു.
3. നം.പി.ഡബ്ളിയു.1-14458/16 തീയതി 20-10-2016 പ്രകാരമുള്ള ടെണ്ടർ നോട്ടീസിൽ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്തതും മത്സര സ്വഭാവമുള്ളതുമായ ടെണ്ടറുകളാണ് ക്ഷണിച്ചത്. ആയതിന്റെ രണ്ടാമത്തെ ഐറ്റമായിട്ടാണ് ഈ പ്രോജക്റ്റിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ എന്ന് മാത്രമാണ് ചേർത്തിട്ടുള്ളത്. വാങ്ങേണ്ടതായ വസ്തുക്കളുടെ വിവരം രേഖപ്പെടുത്താതെ ടെണ്ടർ ക്ഷണിച്ചത് അപാകതയാണ്.

മേൽ വിവരിച്ചവയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 വിട്ടു നൽകിയ ഭൂമിക്ക് പകരം ഭൂമി ലഭ്യമായില്ല

കോതമംഗലം നഗരസഭയുടെ ഹൈറേഞ്ച് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ബസ് സ്റ്റാന്റിനാവശ്യമായ സ്ഥലം കഴിച്ചുള്ള ഒരേക്കർ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ത.സ്വ.ഭ.വ.(ആർ.ഡി.) വകുപ്പിന്റെ 30-09-2009 ലെ സ.ഉ.(സാ.ധാ.)നം.

2493/2009/ ത.സ്വ.ഭ.വ പ്രകാരം ഉത്തരവായി. ടി ഉത്തരവ് പ്രകാരം മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തിയാകുമ്പോൾ അങ്ങോട്ട് മാറുന്ന സർക്കാർ ഓഫീസുകളുടെ ഇപ്പോഴത്തെ സ്ഥലം നഗരസഭയ്ക്ക് നൽകേണ്ടതാണ്. നഗരസഭ വിട്ടു നൽകുന്ന സ്ഥലത്തിന് പകരമായി സബ് രജിസ്റ്റാർ ഓഫീസ്, പി.ഡബ്ളിയു.ഡി. ഓഫീസ്, സബ് ട്രഷറി ഓഫീസ് എന്നീ സർക്കാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി ടി ഓഫീസുകൾ ഇരിക്കുന്ന സ്ഥലം നഗരസഭയ്ക്ക് നൽകണം എന്നായിരുന്നു അറിയിച്ചിരുന്നത് . എന്നാൽ ഇതുമായി ബന്ധപ്പെട്ട് സബ് രജിസ്റ്റാർ ഓഫീസും,സബ് ട്രഷറി ഓഫീസും സ്ഥിതി ചെയ്യുന്ന സ്ഥലം നഗരസഭയ്ക്ക് വിട്ടുകിട്ടുന്നതിനുള്ള ഉത്തരവിന് വേണ്ടി അപേക്ഷിച്ചപ്പോൾ ടി ഓഫീസുമായി ബന്ധപ്പെട്ട് നികുതി വകുപ്പിനും, ധനകാര്യ വകുപ്പിനും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് താത്പര്യമില്ല എന്ന് അറിയിച്ചു.

പൊതുവികസനം ലക്ഷ്യമാക്കി വാണിജ്യ മൂല്യമുള്ള ഒരേക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിയത് കാരണം നഗരസഭയ്ക്ക് പകരം ആസ്തികൾ ലഭിച്ചിട്ടുമില്ല. 23-02-2016 ലെ അടിയന്തിര കൗൺസിലിൽ തത്തുല്യ മൂല്യമുള്ള ആസ്തികൾ പകരമായി തരാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല.

താരതമ്യേന ആസ്തികൾ കുറവും തനത് വരുമാനം അപര്യാപ്തവുമായ നഗരസഭയ്ക്ക് സർക്കാരിലേക്ക് നൽകിയ 1032/1, 1236/5, 1236/4 സർവ്വെ നമ്പറിലുള്ള ഒരേക്കർ സ്ഥലത്തിന് തുല്യ മൂല്യമുള്ള ആസ്തി വിട്ടു കിട്ടുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - പ്രവർത്തനമില്ല

2016-17 വർഷത്തെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ 2016-17 വർഷം യാതൊരുവിധത്തിലുള്ള പ്രവർത്തികളും നടത്തിയിട്ടില്ല. നിലവിൽ ഈ വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള ചെലവുകൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതിയ്ക്കായി 2016-17 വർഷത്തിലേക്കുള്ള ബഡ്ജറ്റ് വിഹിത വിവരം ചുവടെ ചേർക്കുന്നു.

| 2015-16 ലെ എസ്റ്റിമേറ്റ് | പുതുക്കിയ ബഡ്ജറ്റ് 2015-16 | 2016-17 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| 6800000 | 5000000 | 5000000 |

2015-16 വർഷം ആകെ 488950 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണ ചെലവായി 122400 രൂപയും ചെലവായിട്ടുണ്ട്. (ആകെ 611350 രൂപ). എന്നാൽ 2016-17 വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയായി യാതൊരു പ്രവർത്തികളും ഏറ്റെടുത്ത് നടത്തിയിട്ടില്ല. ആകെ ഭരണ ചെലവായി 129066/- രൂപ, ചെലവായിട്ടുണ്ട്. 10-08-2016 തീയതിയിലെ നം. ഡി.സി.2-12893/16 പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ സർക്കുലറിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി വിശദമായ പ്ളാൻ എസ്റ്റിമേറ്റ് തയ്യാറാക്കി അയക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 30-08-2016 തീയതി ചേർന്ന നഗരസഭാ കമ്മിറ്റിയുടെ 30-ം നമ്പർ തീരുമാന പ്രകാരം വിശദമായ പദ്ധതി തയ്യാറാക്കുവാനായി മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിന്നു. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ഇതിനുവേണ്ടി പ്രോജക്ടുകൾ 2016-17 വർഷം തയ്യാറാക്കിയിട്ടില്ല. 2015-16 വർഷം 2225 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിരുന്നു. 2016-17 വർഷം ഈ വിഭാഗത്തിൽ ജോലി, ചെയ്യുന്ന ഡേറ്റാ എന്ട്രി ഓപ്പറേറ്റർക്ക് ശമ്പളം കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2014-15 വർഷത്തെ കണക്കുകൾ

പ്രകാരം 885 പേർ തൊഴിൽ കാർഡ് എടുത്തിട്ടുണ്ട്. (SC – 135, Others-750). ഇത്രയും ആളുകൾക്ക് ഗുണം ലഭിക്കുമായിരുന്ന പദ്ധതിയായിരുന്നു തൊഴിലുറപ്പ് പദ്ധതി.

സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയ്യതി 11-01-2016 (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി -2012-2017) പ്രകാരമുള്ള മാർഗ്ഗരേഖയുടെ ഭാഗം 3 – വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും - ഖണ്ഡിക 10 ൽ എല്ലാ തരം മണ്ണ് സംരക്ഷണ -ജലസംരക്ഷണ -പരിസ്ഥിതി സംരക്ഷണ പ്രവർത്തികളും ജൈവ വള ഉല്പാദന പ്രവർത്തനങ്ങളും, അഴുക്ക്ചാൽ നവീകരണ പ്രവർത്തികളും (ഖണ്ഡിക 11-VI ലും ചെയ്യാവുന്ന പ്രവൃത്തികൾ വിശദമാക്കിയിട്ടുണ്ട്) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. എന്നാൽ 2016-17 വർഷം ഇത്തരം പ്രവർത്തികൾക്ക് പ്രോജക്ട് പോലും തയ്യാറാക്കിയിട്ടില്ലാത്തതാണ്. .01-04-2017 ലെ ബാങ്ക് പാസ് ബുക്ക് പ്രകാരം (അക്കൗണ്ട് നം. 4304/ നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ,കോതമംഗലം) 167453/- രൂപ മുന്നിരിപ്പായി ഉണ്ട്. 31-03-2017 ൽ 40185/- രൂപ നീക്കിയിരിപ്പുണ്ട്. 2016-17 വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ചെലവഴിച്ച അഡ്മിനിസ്ട്രേറ്റീവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഓണറേറിയം | തുക/ചെക്ക് നം /തീയതി | റിമാർക്സ് |
|---|---|---|---|
| 1 | 3/2016 | 10000/003912/04-04-2016 | |
| 2 | 4/2016 | 10000/3913/06-05-2016 | |
| 3 | 5/2016 | 16666(10000+6666)/3914 /03-06-2016 | ലീവ് സറണ്ടർ 6666/- |
| 4 | 6/2016 | 10000/3915/04-07-2016 | |
| 5 | 7/2016 | 10000/3916/08-08-2016 | |
| 6 | 8/2016 | 10000/3917/03-09-2016 | |
| 7 | 9/2016 | 12400(10000+2400)/3918 /01-10-2016 | 2400- ഫെസ്റ്റിവൽ അലവൻസ് |
| 8 | 10/2016 | 10000/3919/03-11-2016 | |
| 9 | 11/2016 | 10000/3920/09-12-2016 | |
| 10 | 12/2016 | 10000/6931/11-01-2017 | |
| 11 | 01/2017 | 10000/6932/03-02-2017 | |
| 12 | 02/2017 | 10000/6933/08-03-2017 | |
| | ആകെ | 129066/- | |

വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട തൊഴിലുറപ്പ് പദ്ധതി കോതമംഗലം നഗരസഭയിൽ 2016-17 വർഷം നടപ്പിലാക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ നഗരസഭ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2016-17 വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി പ്രോജക്ട് വയ്ക്കുകയോ, തൊഴിൽ നൽകുകയോ ചെയ്യാതെ പദ്ധതിക്ക് വേണ്ടി നിയമിച്ച ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ആനുകൂല്യം നൽകിയ തുകയായ 129066/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

.

## 3-8 എസ്.എസ്.എ ക്ക് സപ്പോർട്ടിംഗ് ഗ്രാന്റ് - വിനിയോഗ സാക്ഷ്യപത്രം ഇല്ല.

2016-17 വർഷം സെക്രട്ടറി നടപ്പിലാക്കിയ എസ്.എസ്.എക്ക് സപ്പോർട്ടിംഗ് ഗ്രാന്റ് എന്ന പദ്ധതിയ്ക്ക് 1000000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 49/17 |
| പേര് | എസ്.എസ്.എ പദ്ധതിയ്ക്ക് സപ്പോർട്ടിംഗ് ഗ്രാന്റ്. |
| അടങ്കൽ | 1000000/- |
| ചെലവ് | 1000000/- |
| ബിൽ നം. | 1. 18/17-26-09-2016-700000/-<br>2. 60/17-24-03-2017-300000/- |

ഈ പ്രോജക്ടിനായി ജില്ലാ പ്രോജക്ട് ഓഫീസർ, സർവ്വ ശിക്ഷാ അഭിയാൻ,എറണാകുളത്തിന് തുക കൈമാറിയിട്ടുണ്ട് .എന്നാൽ നാളിതുവരെയായി ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 1000000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 സേവന നികുതി - കുടിശ്ശികയിനത്തിൽ അടവാക്കിയത് വൻ തുക

22.05.2007 ലെ 23/2007 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിന്മേൽ സർവ്വീസ് ടാക്സ് അടക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സെൻട്രൽ എക്സൈസ്, മൂവാറ്റുപുഴ റേഞ്ച് സൂപ്രണ്ടിന്റെ 05.06.2007 ലെ ഒ സി നം. 248/249 /07 കത്ത് നഗരസഭയിൽ ലഭ്യമായത് 04/2008 ൽ ആണ്. പരോക്ഷ നികുതി ആയതിനാൽ വാടകക്കാർക്ക് നോട്ടീസ് നൽകി 06/2007 മുതലുള്ള കുടിശ്ശിക ഈടാക്കേണ്ടിയിരുന്നതിനാൽ 08/2008 ൽ നോട്ടീസ് നൽകുകയും 09/2008 മുതലുള്ള നികുതി ഈടാക്കി സെൻട്രൽ എക്സൈസിൽ അടവാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ കെട്ടിടം വാടകയ്ക്ക് എടുത്ത സമയത്തുള്ള നിബന്ധനകളിൽ പ്രസ്തുത നികുതി ഉൾപ്പെടാതിരുന്നതിനാൽ പല വാടകക്കാരും കോടതിയെ സമീപിക്കുകയും ഇപ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതിൽ നഗരസഭയ്ക്ക് കാലതാമസം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്തു. പല ഗഡുക്കളായി കെട്ടിട വാടകയിന്മേലുള്ള നികുതി 7,05,280/-രൂപ അടവാക്കി വരവെ, 09/2011മുതൽ 06/2017 വരെയുള്ള ബസ് സ്റ്റാന്റ് ഫീസ്, പരസ്യനികുതി എന്നിവയുടെ സർവ്വീസ് ടാക്സ് മുൻകാല പ്രാബല്യത്തിൽ പിഴ സഹിതം അടവാക്കണമെന്ന് സെൻട്രൽ എക്സൈസിൽ നിന്നും അറിയിപ്പ് ലഭിച്ചു. ഇത് ഒഴിവാക്കി നൽകണമെന്ന നഗരസഭയുടെ അപേക്ഷ സെൻട്രൽ എക്സൈസ്, മൂവാറ്റുപുഴ റേഞ്ച് സൂപ്രണ്ട്

നിരാകരിക്കുകയും വാടക, ബസ് സ്റ്റാന്റ് ഫീസ്, പരസ്യ ചാർജ്ജ് എന്നിവയുടെ സർവീസ് ടാക്സ് യഥാക്രമം 7,05,280/-രൂപ, 4,28,454/-രൂപ, 49,605/- രൂപ എന്നിങ്ങനെ അടക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു. ഈ ഉത്തരവ് പുനപരിശോധിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന പരിഗണനയിൽ പിഴയിനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 7,05,280/- രൂപയും പലിശയിനത്തിലുള്ള 3,79,922/- രൂപയും ഒഴിവാക്കി നൽകണമെന്നും നഗരസഭ അപേക്ഷിച്ചെങ്കിലും നഗരസഭയുടെ എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് മരവിപ്പിക്കുകയും 11,81,443/- രൂപ സെൻട്രൽ എക്സൈസിലേക്ക് പിൻവലിക്കുകയും ചെയ്തു.

നഗരസഭ ഇതിനെതിരെ ഫയൽ ചെയ്ത 2015 ലെ WP (C) 37792 നം. കേസിനെ തുടർന്ന് പ്രസ്തുത നടപടി മരവിപ്പിച്ചു. എന്നാൽ 17.12.2015 തീയതിയിലെ വിധി പ്രകാരം ഗഡുക്കളായി തുക ഒടുക്കുവാൻ കോടതി ഉത്തരവായി. 78,890/- രൂപയുടെ 15 തുല്യ ഗഡുക്കളായി നഗരസഭ 11,83,350/-രൂപ ഒടുക്കി. വാടക, പരസ്യനികുതി എന്നീ വരവിനങ്ങളെല്ലാം ലേലം ചെയ്യുമ്പോഴും കരാറൊപ്പുവയ്ക്കുമ്പോഴും പരാമർശിക്കാതിരുന്ന സേവനനികുതി പിരിച്ചെടുക്കുവാൻ നഗരസഭക്ക് നേരിട്ട ബുദ്ധിമുട്ടുകളും, സർക്കാർ പുതിയ നികുതികൾ ഏർപ്പെടുത്തുമ്പോൾ ഇത് സംബന്ധിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിൽ വന്ന പാളിച്ചകളും, ഇത്തരം നികുതി അടവിലെ കുടിശ്ശിക ആവശ്യപ്പെടുന്നതിൽ വർഷങ്ങളോളം വന്ന കാലതാമസവും എല്ലാം നഗരസഭയുടെ വികസനത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കും ചെലവഴിക്കേണ്ട തനത് ഫണ്ടിന്റെ പാഴ്ച്ചെലവിൽ കലാശിക്കുകയാണ് ചെയ്തത്.

## 3-10 ഗുണഭോക്തൃവിഹിതം പിരിച്ചതിന് രേഖയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള താഴെപറയുന്ന പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്ന് രശീതി നൽകാതെ ഗുണഭോക്തൃവിഹിതം ഈടാക്കിയതായി കാണുന്നു.നിർവ്വഹണോദ്യോഗസ്ഥരുടെ ആവശ്യാർത്ഥം രശീതിബുക്കുകൾ നല്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതിനും നഗരസഭയിൽ നിന്നും രശീതിബുക്കുകൾ ലഭ്യമാക്കാതെ ഗുണഭോക്തൃവിഹിതം ഈടാക്കിയതിനും ഈടാക്കിയ ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടയ്ക്കാതെ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കൃഷി ഓഫീസർ തന്റെ പരിചയക്കുറവ് വിശദമാക്കിയതിനാൽ ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം.&പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | നല്കിയ ഇനങ്ങളുടെ എണ്ണം* വില | ഗുണഭോക്തൃ വിഹിതത്തിന്റെ നിരക്ക് | ഈടാക്കിയ ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|
| 1 | S0164/17 തെങ്ങിൻ തൈ വിതരണം | 112 | 1200* 100/- | 25% | 30000/- |
| 2 | S0082/17 സമഗ്ര പച്ചക്കറി കൃഷി വികസനം | 174 | 48000*2.20 | 20% | 21120/- |
| 3 | S0199/17 ഫലവൃക്ഷതൈ വിതരണം | 406 | 915*283 | 25% | 258945/- |

.

## 3-11 നഗരസഭ ടൗൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാധ്യത 83,61,108/- രൂപ - നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിനു ശേഷവും ആരംഭിച്ചിട്ടില്ല.

26.11.1999 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ നഗരസഭയ്ക്ക് ടൗൺഹാൾ നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങാൻ തീരുമാനിച്ചു. ഇതിനായി 1999-2000 ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പ്രോജക്ട് നം. 48/99-00 ൽ 20 ലക്ഷം രൂപയും, തനത്ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപയും നീക്കിവച്ചു. ഭൂമി വാങ്ങാനാവശ്യമായ ഫണ്ട് നഗരസഭയ്ക്കുണ്ടെന്ന് നഗരസഭാധികൃതർ 11.02.2000 ൽ (നം.2279/D3/ 2000/LSGD) സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കോതമംഗലം വില്ലേജിലെ 1015/2.4, 1015/3ബി2, 1015, 1015/2, 1015/3 എന്നീ സർവ്വേ നമ്പറുകളിലുള്ള 1.69 ഏക്കർ സ്ഥലം (68.42ആർ) ഏറ്റെടുക്കാനുള്ള നടപടികൾ ചെയ്തു. നഗരസഭയിലെ 31-ാം വാർഡിൽ ആലുവ-മൂന്നാർ റോഡിനു സമീപത്ത്, കുരൂർ തോടിനോട് ചേർന്നുള്ളതായ സ്ഥലം ആർ ഒന്നിന് 42,000/- രൂപ നിര്ക്കിൽ അക്വയർ ചെയ്തത് കളക്ടറുടെ വാല്യൂവേഷന് ശേഷമാണ്. റവന്യൂ വകുപ്പ് വില നിശ്ചയിച്ചതനുസരിച്ച് 29.3.2000 ൽ 20 ലക്ഷം രൂപയും 4.4.2002 ൽ 10 ലക്ഷം രൂപയും റവന്യൂ വകുപ്പിൽ കെട്ടിവെച്ചിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പ് നിശ്ചയിച്ച തുകകൾ കുറവാണെന്ന കാരണത്താൽ ഉടമകൾ ബഹു. മൂവാറ്റുപുഴ സബ് കോടതിയിൽ LAR 12/04, 13/04, 07/04 കേസുകൾ ഫയൽ ചെയ്യുകയും 21,860/- രൂപ ആർ ഒന്നിന് അധികമായി ലഭിക്കുകയും ചെയ്തു. ഇത്തരത്തിൽ വർദ്ധിപ്പിച്ച മുഴുവൻ തുകയും യഥാസമയം അടവാക്കാതെ പലിശയും പിഴപ്പലിശയും ചേർന്ന് 30.04.2015 ൽ 64,92,700/- രൂപയായി. ഈ ബാധ്യത നിലനിൽക്കെ LAR 12/04 നമ്പർ കേസിലെ എതിർ കക്ഷിയായ ശ്രീ. പുരവത്ത് മത്തായി ബഹു. ഹൈക്കോടതിയിൽ LAA 67/2014 അപ്പീൽ ഫയൽ ചെയ്ത് ആർ ഒന്നിന് 41,000/- രൂപ അധികമായി ലഭിക്കാൻ അനുകൂല വിധി നേടി. LAR വിധിക്കെതിരെ അപ്പീൽ നൽകേണ്ടതില്ലെന്ന് അക്കാലത്തെ സ്റ്റാന്റിംഗ് കൗൺസിൽ, സീനിയർ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടിയിനത്തിൽ നഗരസഭയ്ക്ക് നിലവിലുള്ള ബാധ്യത 83,61,108/- രൂപയും തുക ഒടുക്കുന്നതുവരെ 15% പലിശയുമാണ്. എന്നാൽ നഗരസഭയുടെ തനത്ഫണ്ടിൽ നിന്ന് ടി തുക ഒടുക്കാൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയാണ് നിലവിലുള്ളത്.

ടൗൺഹാളിനായി സ്ഥലം വാങ്ങാൻ കൗൺസിൽ തീരുമാനമെടുത്ത 1999 ൽ ഇതിനായി കൃത്യമായി 30 ലക്ഷം മാറ്റിവെയ്ക്കുകയും ചെയ്തിരുന്നു (ആർ ഒന്നിന് 42,000 രൂപ നിരക്കിൽ 28,73,640/- രൂപ). LAR വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ല എന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ, നഗരസഭാ സ്റ്റാന്റിംഗ് കൗൺസിൽ എന്നിവരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ LAR വിധി അംഗീകരിക്കുക വഴിയാണ് വൻ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവന്നത്. വിധി സംഖ്യ യഥാസമയം കെട്ടിവയ്ക്കാതെ പലിശ വർദ്ധിക്കുകയാണുണ്ടായത്. LAR വിധികൾ നിമിത്തം യഥാർത്ഥ വിലയുടെ 3 ഇരട്ടിയാണ് നിലവിൽ നഗരസഭയുടെ ബാധ്യത കൂടാതെ 16 വർഷമായി പ്രസ്തുത ഭൂമി ഉപയോഗ ശൂന്യമായി കിടക്കുകയാണ്. 16 വർഷം മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 3 ഇരട്ടി തുകയെങ്കിലും ടൗൺഹാൾ നിർമ്മാണത്തിന് ആവശ്യമായിവരും. ഭൂമിയിന്മേലുള്ള ബാധ്യത എത്രയും വേഗം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, 16 വർഷത്തോളം നിഷ്ക്രിയ ആസ്തിയായി കിടന്ന ഭൂമിയിൽ ടൗൺഹാൾ

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കൗൺസിൽ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 നഗരസഭയ്ക്കുള്ളത് കനത്ത സാമ്പത്തിക ബാദ്ധ്യത

നഗരസഭ നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത്. 2015-16 തനത് ഫണ്ട് വരുമാനം 46623821/- (4.66കോടി) രൂപയും ചെലവ് 72996806/- (എസ്റ്റാബ്ളിഷ്മെന്റ്, അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ്, ലോൺ പലിശ)രൂപയുമാണ്. 2016-17ൽ തനത് വരുമാനമായി 120166700 (12.01 കോടി) രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും, നഗരസഭയുടെ വരുമാന സ്രോതസ്സുകളിൽ കാര്യമാത്രപ്രസക്തമായ വർദ്ധനവില്ലാത്തതിനാൽ, യഥാർത്ഥ വരുമാനം അത്ര വലിയ തുക ലഭിക്കാനിടയില്ല. സാമ്പത്തിക സ്ഥിതി ഇത്തരത്തിലാകുമ്പോൾ തന്നെ, നഗരസഭയുടെ ബാദ്ധ്യതകൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റി 1994-95 വർഷം മുതലുള്ള കുടിശികയായി ആവശ്യപ്പെടുന്നത് 1.14 കോടി രൂപയാണ്. തനത് ഫണ്ട്, മരാമത്ത് പ്രോജക്ട് ബില്ലുകളുടെ 2008 മുതലുള്ള കുടിശ്ശികയായി കരാറുകാർക്കും, കൺവീനർമാർക്കുമായി 6638527/- രൂപ നൽകാനുണ്ട്. ടൗൺ ഹാളിന് സ്ഥലം വാങ്ങിയ വകയിലെ LAR വിധിക്കായി പലിശയടക്കം ഏകദേശം 90 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. ബാദ്ധ്യതയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റി കുടിശ്ശിക

57 പൊതു ടാപ്പുകളാണ് കണക്കുകൾ പ്രകാരം നഗരസഭയിലുള്ളത് . ഇതിനായി പ്രതിമാസം 37449/- രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ 1994-95 മുതൽ 07-01-2017 വരെയുള്ള വാട്ടർ അതോറിറ്റി ബിൽ താഴെ പറയും പ്രകാരമാണ്.

1994-95 മുതൽ 07-01-2017 വരെ - 11227606/-

പിഴ - 220246/-

സെപ്റ്റംബർ 2016 ലെ ബിൽ തുക - 37449/-

ആകെ - 11485301/-

ഏറ്റവും പുതിയ ബിൽ പ്രകാരം 1.14 കോടി രൂപ നഗരസഭയ്ക്ക് വെള്ളക്കരമിനത്തിൽ ബാദ്ധ്യതയുണ്ട്.

2. മരാമത്ത് ബിൽ കുടിശ്ശിക

നിലവിൽ ബില്ലുകൾ തീർപ്പാക്കുവാൻ ഒരു ക്യൂ സിസ്റ്റം ഉണ്ടെങ്കിലും കോടതിയെ സമീപിക്കുന്ന കരാറുകാർക്ക് കോടതി നിർദ്ദേശമനുസരിച്ച് ക്യൂ പ്രകാരമല്ലാതെ തുകയും പലിശയും നൽകേണ്ടി വരുന്നു. ഓഡിറ്റ് എൻക്വയറി 19 ന് നൽകിയ മറുപടിയിൽ പട്ടിക പ്രകാരം 6638527/- രൂപ കുടിശ്ശികയുണ്ട്.

3. ടൗൺ ഹാൾ സ്ഥലം വാങ്ങൽ

ടൗൺ ഹാൾ നിർമ്മിക്കുന്നതിന് 68.42 ആർ സ്ഥലം വാങ്ങുന്നതിനായി നീക്കിവച്ച 30 ലക്ഷം രൂപ 2001 ൽ തന്നെ ഉടമകൾക്ക് നൽകിയെങ്കിലും , LAR കേസുകൾ , അപ്പീലുകൾ എന്നിവയിലൂടെ വീണ്ടും 83 ലക്ഷം രൂപയും 15 ശതമാനം പിഴപലിശയുമടക്കം ഇനിയും 90 ലക്ഷം രൂപ വിധിക്കടം ബാക്കിയുണ്ട്. ടൗൺഹാൾ നിർമ്മാണം ഇനിയും ആരംഭിച്ചിട്ടുമില്ല.

മേൽ വിവരിച്ച മൂന്നിനങ്ങളിലായി 3 കോടി രൂപയിലധികമാണ് നഗരസഭ തനത് ഫണ്ട് ബാദ്ധ്യത. എന്നാൽ ബാധ്യത തീർക്കാൻ തനത് ഫണ്ട് വരുമാനം പര്യാപ്തമല്ല. വാട്ടർ അതോറിറ്റി, ടൗൺ ഹാൾ ഭൂമി എന്നിവയുടെ ബാധ്യത ദിനംപ്രതി കൂടി വരികയും ചെയ്യുമ്പോൾ നഗരസഭാ വികസന പ്രവർത്തനങ്ങൾക്കും, ദൈനംദിന ചെലവുകൾക്കും തനത് ഫണ്ട് അപര്യാപ്തമാണ്.

## 3-13 വെള്ളക്കരം കുടിശ്ശിക താങ്ങാനാകാതെ നഗരസഭ

കോതമംഗലം നഗരസഭയിൽ നിലവിൽ പൊതുടാപ്പുകൾ 57 എണ്ണം മാത്രമാണ്. എന്നാൽ വെള്ളക്കരം കുടിശ്ശിക ഒരു കോടി കവിഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഫയലിൽ 1994-95 മുതൽ 2003-04 വരെയുള്ള കാലയളവിൽ 31,69,641/- രൂപ വാട്ടർ അതോറിറ്റിയിൽ കൂടുതൽ അടച്ചിട്ടുണ്ട്. പിന്നീട് 2004-05 മുതൽ 2006-07 വരെയുള്ള കാലയളവിൽ മെയിന്റനൻസ് ഗ്രാന്റ് 22,70,592/-രൂപയും പ്ളാൻ ഗ്രാന്റ്- 14,03,352/- രൂപയും ചേർന്ന് 36,73,944/- രൂപ വെള്ളക്കരം കുടിശ്ശിക ഒടുക്കിയിട്ടുണ്ട്. എന്നാൽ വാട്ടർഅതോറിറ്റി അധികമായടച്ച തുക ക്രമീകരിക്കാതെ തത്സമയത്തെ വെള്ളക്കരം, കുടിശ്ശിക, പിഴപ്പലിശ എന്നിവ ചേർത്ത് നഗരസഭയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകുകയാണ് ചെയ്തത്. നഗരസഭയിൽ നിന്ന് അധികമായടച്ച തുക യഥാസമയം ക്രമീകരിക്കാതെ ബിൽ തയ്യാറാക്കിയതിനാലും നഗരസഭ ആവശ്യപ്പെട്ടിട്ടും സമയബന്ധിതമായി സംയുക്ത പരിശോധന നടത്താതിരുന്നതിനാലും വെള്ളക്കരമിനത്തിൽ ചുമത്തിയിട്ടുള്ള തുക പുനപരിശോധിക്കണമെന്നും പിഴപ്പലിശ ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ട് നഗരസഭാ സെക്രട്ടറി വാട്ടർഅതോറിറ്റിയിൽ 10.08.2016 ന് കത്തു നൽകിയിട്ടുള്ളതാണ്. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ കൃത്യമായി വെള്ളക്കരമടക്കുന്നതിന് പ്രത്യേകം ബിൽ അനുവദിക്കുന്നതിനും അനുവദിക്കുന്ന മുറയ്ക്ക് വെള്ളക്കരം കൃത്യമായി അടക്കുന്നതാണെന്നറിയിച്ചിട്ടും വാട്ടർഅതോറിറ്റി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബിൽ നം. 16546 തിയതി 11.04.2017 പ്രകാരം 31.03.2017 വരെയുള്ള വെള്ളക്കരം കുടിശ്ശികയടക്കം 1,22,89,116/-രൂപയായിട്ടുണ്ട്. നഗരസഭാ അധികൃതരും വാട്ടർ അതോറിറ്റിയും ചേർന്ന് എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരം കാണാൻ നടപടിയുണ്ടാകേണ്ടതാണ്.

## 3-14 പുതുപ്പാടി കുടിവെള്ള പദ്ധതി- ഗുണഭോക്താക്കളെ കണ്ടെത്തിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതുപ്പാടി കുടിവെള്ള പദ്ധതി |
| പ്രോജക്ട് നം | 267/17 |
| അടങ്കൽ | 6122031(ലോകബാങ്ക് ധനസഹായം) |
| ചെലവ് | 679806/-(1st part bill) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന പുതുപ്പാടി കുടിവെള്ള പദ്ധതിയുടെ പ്രാരംഭപണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കുള്ള 4 മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൌസ്, 40,000 ലിറ്റർ സംഭരണശേഷിയുള്ള ഓവർഹെഡ് റിസർവോയർ, വ്യക്തിഗത കുടിവെള്ള വിതരണസംവിധാനം എന്നിവയടങ്ങുന്ന ലോകബാങ്ക് പ്രോജക്ടാണിത്. കിണർ, പമ്പ് ഹൌസ് എന്നിവയുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഏതാണ്ട് 300 ഓളം കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്ന പ്രോജക്ടിന് ഗുണഭോക്താക്കളെ കണ്ടെത്തുകയോ, സ ഉ (എം എസ്) നം. 4/16 തീയതി 11.01.2016 ഖണ്ഡിക 11.8 viii പ്രകാരമുള്ള ഗുണഭോക്തൃ സമിതി രൂപീകരിച്ച് പദ്ധതി

നിർവ്വഹണം പൂർത്തിയായാൽ ഏൽപിക്കുന്നതിനുള്ള ഗുണഭോക്തൃ സമിതി രൂപീകരിച്ച് കൺവീനർ, ചെയർമാൻ എന്നിവരെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാനുള്ള നടപടികൾ സത്വരമായി നടപ്പാക്കേണ്ടതാണ്.

## 3-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 84/17 |
| അടങ്കൽ | 2,50,000/- |
| ചെലവ് | 2,50,000/- |
| ബിൽ നം. | 1/2016-17/27.01.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കോതമംഗലം. |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥപനത്തിന് 27.01.2017 ന് 2,50,000/- രൂപ നല്കിയിട്ടുണ്ട്, എന്നാൽ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല എന്ന ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട്

തൻ വർഷം സംയുക്ത പ്രോജക്ടുകൾക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം 51/17) | 59/16-17 തീയതി 24.03.2017 | 3,35,700/-<br>6,15,483/-<br>37,300/-<br>68,387/- | 10,56,870/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 2 | കെ എസ് ഇ ബി | സ്ട്രീറ്റ് ലെയിൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം 55/17) | 64/16-17 തീയതി 24.03.2017 | 4,73,000/-<br>4,36,075/-<br>2,09,200/-<br>3,50,575/-<br>4,015/- | 14,72,865/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| ആകെ | | | | 25,29,735/- | | |

.

## 4-3 മൊബിലൈലെസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം മൊബിലൈലെസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവു നംപർ/ തിയതി/ സ്ഥാപനം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| റോഡു നിർമ്മാണം | കെ.യു. ആർ.ഡി. എഫ്. സി. | 1,80,000 | 90,000 | 90,000 | 5,625 | 0 |
| റോഡു നിർമ്മാണം | കെ.യു. ആർ.ഡി. എഫ്. സി. | 18,51,000 | 727164 | 1,32,216 | 86,764 | 5,94,948 |
| ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | കെ.യു. ആർ.ഡി. എഫ്. സി. | 45,00,000 | 16,07,130 | 6,42,860 | 1,29,921 | 9,64,270 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 42726/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2006-07 | 2-9 | 10000 | ശ്രീ സണ്ണി പൌലോസ് | 11604102391/ 08.06.16 |
| 2011-12 | 2-9 | 5380 | ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസ് | 41600050/ 14.06.16 |

| | | | | |
|---|---|---|---|---|
| 2013-14, 2014-15 | 3-3 | 2256 | ശ്രീ ജോൺ വർഗ്ഗീസ് | 11604103957/ 20.07.2016 |
| 2010-11 | 3-1 | 12371 | ശ്രീ എൻ പി കുര്യാക്കോസ് | 41600225/ 04.03.2017 . |
| 2014-15 | 3-1 | 7549 | എച്ച് എം മാതിരപ്പള്ളി | 11604115039/ 24.03.2017 |
| 2014-15 | 3-3 ബി | 2256 | ബേസിൽ ജോസ് | 11604115047/ 24.03.17 |
| 2014-15 | 3-3 എ | 2914 | ടി രാജീവ് | 11604115048/ 24.03.17 |
| ആകെ---- 42726/- | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | ........ | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ....... | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |

.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2016-2017

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 203928077.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 193547012.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2246 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5573/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,44,66/- |

.

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2016-17

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2246 | | ശ്രീമതി. മുംതാസ് എ. എം, സെക്രട്ടറി |
| 3-1 | | 2,700 | ശ്രീ ഒ എം ഷാജി, പ്രോജക്ട് ഓഫീസർ,നഗരകാര്യ ദാരിദ്ര്യ ലഘൂകരണ സെൽ |
| 3-2 | | 2,873 | ശ്രീമതി മുംതാസ് എ എം, സെക്രട്ടറി |
| | ആകെ 2246 | 5,573 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 15,000/- | ശ്രീ കെ വി വിൻസെന്റ്, പ്രോജക്ട് ഓഫീസർ |
| 3-7 | 89,066/- | ശ്രീമതി മുംതാസ് എ എം, സെക്രട്ടറി |
| | 40,000/- | ശ്രീ സാംജി ഡേവിഡ്, സെക്രട്ടറി |
| 3-8 | 7,00,000/- | ശ്രീമതി മുംതാസ് എ എം, സെക്രട്ടറി |
| | 3,00,000/- | ശ്രീ സാംജി ഡേവിഡ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ ഒ എം ഷാജി,<br>പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ<br>നിർമ്മാർജ്ജന സെൽ,<br>കോതമംഗലം നഗരസഭ | ഓലിക്കൽകുടി വീട്<br>ചെറുവട്ടൂർ പി ഒ<br>കോതമംഗലം<br>686691 |
| ശ്രീമതി മുംതാസ് എ എം<br>സെക്രട്ടറി | സെക്രട്ടറി<br>പത്തനംതിട്ട നഗരസഭ | അൽ അമീൻ മൻസിൽ,<br>കെ കെ എൻ റോഡ്,<br>പത്തനംതിട്ട<br>689645 |
| ശ്രീ സാംജി ഡേവിഡ്,<br>സെക്രട്ടറി | സെക്രട്ടറി<br>കോതമംഗലം നഗരസഭ | ഇട്ടിക്കാത്ര വീട്,<br>കെ പി റോഡ്,<br>കായംകുളം. |
| ശ്രീ കെ വി വിൻസെന്റ്,<br>പ്രോജക്ട് ഓഫീസർ | ഹെൽത്ത് ഇൻസ്പെക്ടർ<br>ഗ്രേഡ് II,<br>കോതമംഗലം നഗരസഭ | കൊച്ചുപുരക്കൽ വീട്<br>പല്ലാരിമംഗലം പി ഒ<br>പിടവൂർ,<br>കോതമംഗലം<br>686671 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 dt.4.2.2003 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , dt. 26.08.15 |
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , dt. 08.02.2017 |

ജോയിന്റ് ഡയറക്ടർ

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(എം1)1776/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :19.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1997 ലെ കേരള

മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295, 4ാം ഉപവകുപ്പ് അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ 01.04.2016 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കോതമംഗലം നഗരസഭയുടെ 01.04.2016 മുതൽ 31.03.2017 വരെയുള്ള വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM($M_1$)1776/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
email : doekm.ksad@kerala.gov.in
Dated: 19.09.2017

Certified that I have audited the Financial Statement of Kothamangalam Municipality in Ernakulam district for the period from 01.04.2016 to 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1997, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Financial Statements of Kothamangalam Municipality for the period from 01.04.2016 to 31.3.2017 properly presents the picture of income and expenditure.

Joint Director